A

# സമഗ്രശിക്ഷാ കേരളം

## അർധവാർഷിക മൂല്യനിർണ്ണയം 2023-2024

## മലയാളം

GI 512

ക്ലാസ് : 5 | അടിസ്ഥാനപാഠാവലി | സമയം: 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ സ്കോർ 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) സ്കോർ കണക്കാക്കണം: ഗ്രേഡ് നൽകണം (a/b/c/d/e).
3. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. ആകെ ആറ് പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതുക. ബാക്കിയുള്ള അഞ്ചു പ്രവർത്തനത്തിൽ നാല് എണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

---

### പ്രവർത്തനം 1 - വായിക്കാം എഴുതാം

*പഠനനേട്ടം*

- ആശയഗ്രഹണ വായനയ്ക്കുശേഷം സാമഗ്രിയെ വിശകലനാത്മക രീതിയിൽ പരിശോധിച്ച് ശരിയുത്തരങ്ങൾ കണ്ടെത്തുന്നു.

എ. നൃത്തം വയ്ക്കുന്നു (1)

ബി. തുമ്പികൾ (1)

സി. ആകാശത്ത് (1)

ഡി. കാറ്റ് വീശുമ്പോൾ പറക്കാൻ ബുദ്ധിമുട്ട് ഉള്ളതിനാൽ (1)

ഇ. ഇരുട്ടായി തുടങ്ങുന്നു (1)

### പ്രവർത്തനം 2 : വാങ്മയചിത്രം

*പഠനനേട്ടം*

- ഒരു വ്യക്തിയുടെ, സ്ഥലത്തിന്റെ, സംഭവത്തിന്റെ രൂപഭാവങ്ങളും സവിശേഷതകളും വായനക്കാരന് ചിത്രത്തിൽ കാണുന്നതുപോലെ ആസ്വദിക്കാൻ കഴിയുംവിധം വാക്കുകൾ കൊണ്ട് അവതരിപ്പിക്കുന്നു.

*സൂചകങ്ങൾ*

1. ചിത്രത്തെയും, സൂചനകളെയും സമഗ്രമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. (1)
2. മുത്തശ്ശിയുടെ രൂപം തിരിച്ചറിഞ്ഞ് സവിശേഷതകൾ പ്രതിപാദിച്ചിട്ടുണ്ട് (1)
3. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ചിട്ടുണ്ട്. (1)
4. അനുയോജ്യമായ ഭാഷ സ്വീകരിച്ചിട്ടുണ്ട്. (1)

ബി) കലാമണ്ഡലം കൃഷ്ണൻ നായർ (1)

### പ്രവർത്തനം 3 (എ) : ജീവചരിത്രക്കുറിപ്പ്

*പഠനനേട്ടം*

- പ്രശസ്ത വ്യക്തികളുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ, മേഖലകൾ, നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി ആകർഷകമായ ഭാഷയിൽ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു.

*സൂചകങ്ങൾ:*

- അക്കിത്തത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട് പ്രസക്തമായ വിവരങ്ങൾ ചേർത്തിട്ടുണ്ട്. (1)

- സ്വന്തം കാഴ്ചപ്പാടുകളും, അനുഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. (1)
- ആകർഷകമായ തുടക്കം, ഒടുക്കം എന്നിവ ഉണ്ട്. (1)
- അനുയോജ്യമായ ഭാഷ, വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ചെഴുതിയിട്ടുണ്ട് (1)

**ബി) ഇന്ദ്രൻ** **(1)**

## പ്രവർത്തനം 4 (എ) : വിശകലനകുറിപ്പ്

***പഠനനേട്ടം***

- രചന വിശകലനം ചെയ്ത് സ്വന്തം നിലപാട്, യുക്തി എന്നിവ ഉദാഹരണ സഹിതം ഉചിതമായ ഭാഷയിൽ എഴുതി തയ്യാറാക്കുന്നു.

***സൂചകങ്ങൾ***

- സൂചനയിലെ ആശയം പൂർണ്ണമായും ഉൾക്കൊള്ളിച്ചിട്ടുണ്ട്. (1)
- അനുയോജ്യമായ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- സ്വന്തം അഭിപ്രായം യുക്തിപൂർവം കണ്ടെത്തിയിട്ടുണ്ട്. (1)
- ഉചിതമായ വാക്യഘടന പാലിച്ചിട്ടുണ്ട്. (1)

**ബി)** കുട്ടിരാമമേനോൻ (1)

## പ്രവർത്തനം 5 (എ) : അനുഭവക്കുറിപ്പ്

***പഠനനേട്ടം***

- അനുഭവങ്ങളുമായി ബന്ധപ്പെട്ട് പ്രസക്തമായ ആശയങ്ങൾ, നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി ഭാഷാമികവോടെ സംക്ഷിപ്തമായി കുറിപ്പുകൾ തയ്യാറാക്കുന്നു.

***സൂചകങ്ങൾ***

- വൈകാരികത ഉണർത്തുന്ന വിധത്തിൽ അനുഭവങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിച്ചിട്ടുണ്ട്. (1)
- ഭാവം മനസ്സിൽ തട്ടുംവിധം അവതരിപ്പിക്കാനുതകുന്ന ഭാഷ (ആത്മാംശം, സവിശേഷ പ്രയോഗം, ശൈലി) ഉപയോഗിച്ചിട്ടുണ്ട്. (1)
- വ്യവഹാര രൂപത്തിന്റെ ഘടന, സ്വഭാവം, തലക്കെട്ട് എന്നിവ ഉണ്ട്. (1)
- അനുഭവം തിരഞ്ഞെടുക്കുന്നതിൽ സൂക്ഷ്മത/കൃത്യത പാലിച്ചിട്ടുണ്ട്. (1)
- അനുയോജ്യമായ ഭാഷ, വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ചെഴുതിയിട്ടുണ്ട് (1)

## പ്രവർത്തനം 6 (എ) : കുറിപ്പ്

***പഠനനേട്ടം***

- ചിന്തകൾ, മനോവിചാരങ്ങൾ എന്നിവ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു.

***സൂചകങ്ങൾ***

- കിളിയുടെ മനോവിചാരങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
- പ്രസക്തമായ ആശയങ്ങളും നിലപാടുകളും അവതരിപ്പിച്ചിട്ടുണ്ട്. (1)
- അനുയോജ്യമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്. (1)
- ചിഹ്നനം, വാക്യഘടന എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

ബി) ശ്രീനാരായണഗുരു (1)